**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 263** **27-01-2026-ൽ മറുപടിയ്ക്ക്**

**<u>പാലിയേറ്റീവ് കേന്ദ്രങ്ങളിൽ ഓക്സിജൻ കോൺസൻട്രേറ്ററുകൾ ഉപയോഗിക്കുന്നതിന് ആനുകൂല്യം.</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. കെ. രാമചന്ദ്രൻ

ശ്രീ. കെ. കെ. രാമചന്ദ്രൻ

ശ്രീമതി ബിന്ദു കൃഷ്ണ
(തൊഴിൽ, മൃഗസംരക്ഷണ – വനിതാ ശിശു വികസന വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്തെ വിവിധ ആരോഗ്യകേന്ദ്രങ്ങളോട് ചേർന്ന് പ്രവർത്തിച്ചുവരുന്ന പാലിയേറ്റീവ് കേന്ദ്രങ്ങളിൽ ഓക്സിജൻ കോൺസൻട്രേറ്ററുകൾ ഉപയോഗിക്കുന്നതിനുള്ള വൈദ്യുതി ചാർജ് ഒഴിവാക്കി കിട്ടുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ;

**<u>മറുപടി:</u>** പാലിയേറ്റീവ് കെയർ യൂണിറ്റുകളിൽ ഓക്സിജൻ കോൺസെൻട്രേറ്റർ സ്ഥാപിക്കുന്നത് അതാത് ആശുപത്രിയോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോ ആണ്.

**(ബി)** പുതുക്കാട് മണ്ഡലത്തിലെ സുസ്ഥിര പാലിയേറ്റീവ് കെയർ സൊസൈറ്റി ഇതു സംബന്ധിച്ച് നൽകിയ അപേക്ഷയിൽ എന്ത് നടപടിയാണ് കൈക്കൊണ്ടതെന്നത് അറിയിക്കാമോ;

**<u>മറുപടി:</u>** പുതുക്കാട് താലൂക്ക് ആശുപത്രിയിൽ നിലവിൽ ആരോഗ്യവകുപ്പിന് കീഴിൽ സെക്കൻഡറി പാലിയേറ്റീവും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സഹകരണത്തോടെ പ്രൈമറി പാലിയേറ്റീവും പ്രവർത്തിച്ചു വരുന്നതിനാൽ അതേ കോമ്പൗണ്ടിൽ തന്നെ മറ്റൊരു പാലിയേറ്റീവ് യൂണിറ്റിന്റെ ആവശ്യകതയില്ല. ആയതിനാൽ ജനങ്ങൾക്ക് പ്രയോജനമാകുന്നവിധം മറ്റൊരു സ്ഥലത്തേക്ക് ഈ സ്ഥാപനത്തിനെ മാറ്റി സ്ഥാപിക്കുന്നതിനായി തൃശ്ശൂർ ജില്ലാ മെഡിക്കൽ ഓഫീസിൽ നിന്നും കത്ത് നൽകിയിട്ടുണ്ട്.

**(സി)** ഓക്സിജൻ കോൺസെൻട്രേറ്ററുകൾ ഉപയോഗിക്കുന്നതിനുള്ള വൈദ്യുതി ചാർജ് ഒഴിവാക്കി നല്കണമെന്ന് ആവശ്യപ്പെട്ട് പുതുക്കാട്, സുസ്ഥിര പാലിയേറ്റീവ് കെയർ സൊസൈറ്റി നല്കിയ അപേക്ഷ പരിഗണിക്കുന്നതിനും ടി വൈദ്യുതിചാർജ് ഒഴിവാക്കി നല്കുന്നതിനും ആവശ്യമായ നടപടികൾ ആരോഗ്യവകുപ്പ് കൈക്കൊള്ളുമോ?

**<u>മറുപടി:</u>** പുതുക്കാട് താലൂക്ക് ആശുപത്രിയുടെ, വൈദ്യുതി ബില്ല് എച്ച്.എം.സി. ഫണ്ടിൽ നിന്നും ഒടുക്കിയ ശേഷം കൊടകര ബ്ലോക്ക് പഞ്ചായത്ത് മുഖേന നടപ്പിലാക്കുന്ന ദൈനംദിന പ്രോജക്റ്റിൽ നിന്നും എച്ച്.എം.സിയിലേക്ക് റീക്ലൂപ്പ് ചെയ്യുന്നതിനാൽ ഇതു സംബന്ധിച്ച അപേക്ഷ ജില്ലാ മെഡിക്കൽ ഓഫീസിൽ ലഭ്യമാകുന്ന മുറക്ക് അപേക്ഷയിൽ തീരുമാനമെടുക്കുന്നതിനായി എച്ച്.എം.സി.യിലേക്കും കൊടകര ബ്ലോക്ക് പഞ്ചായത്തിലേക്കും സമർപ്പിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**